7259
24/6/20

File No.HEDN-F2/332/2018-HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - തിരൂർ ടി.എം.ഗവണ്മെന്റ് കോളേജിൽ അനുവദിച്ച 5 മലയാളം അധ്യാപക തസ്തികകളിൽ ഒരു അധ്യാപക തസ്തിക, മതിയായ ജോലി ഭാരം ഇല്ലാത്തതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.218/2020/ഉ.വി.വ തീയതി, തിരുവനന്തപുരം, 19/06/2020

പരാമർശം:- 1 സ.ഉ (എം.എസ്) നം.33/2014/ഉ.വി.വ തീയതി 17.01.2014.

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 15.10.2018, 17.08.2019 തീയതികളിലെ എ2/8969/2018/കോ.വി.വ നമ്പർ കത്തുകളും 29.10.2019-ലെ ബി4/6942/2019/കോവിവ നമ്പർ കത്തും

ഉത്തരവ്

പരാമർശം (1) – ലെ ഉത്തരവ് പ്രകാരം തിരൂർ ഗവണ്മെന്റ് കോളേജിൽ 5 മലയാളം അദ്ധ്യാപക തസ്തികകൾ അനുവദിച്ച് ഉത്തരവായിരുന്നു. മലയാള വിഭാഗത്തിന് സബ്സിഡിയറി ആയി വരുന്ന സംസ്കൃതത്തിന്റെ വർക്ക് ലോഡ് കൂടി ചേർത്താണ് ടി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നത്. വർക്ക് ലോഡ് അനുസരിച്ച് മലയാളത്തിന് 4 തസ്തികകൾ ആണ് അനുവദിക്കേണ്ടിയിരുന്നത്. അതിനാൽ അധികമായി മലയാളത്തിന് അനുവദിച്ച ഒരു അധ്യാപക തസ്തിക ഷിഫ്റ്റ് ചെയ്ത് സിംഗിൾ ഫാക്കൽറ്റി ആയ 12 മണിക്കൂർ വർക്ക് ലോഡുള്ള സംസ്കൃത വിഭാഗത്തിന് അനുവദിയ്ക്കാവുന്നതാണെന്നും, സംസ്കൃതത്തിന് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം തിരൂർ ടി.എം.ഗവണ്മെന്റ് കോളേജിൽ അനുവദിച്ച 5 മലയാളം അധ്യാപക തസ്തികകളിൽ ഒരു അധ്യാപക തസ്തിക, മതിയായ ജോലി ഭാരം ഇല്ലാത്തതിനാൽ റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ഉഷ ടൈറ്റസ്
പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാ-ബി)വകുപ്പ് (06.12.2019 ലെ E-1045692 /EDNB3/2018/Fin നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി.)വകുപ്പ് (17.06.2020 - ലെ 4053 -ാം നമ്പർ ഇനം പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ, www.highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്: -

ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിൻറ് സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-06-2020

ഫയൽ നം. എഫ്2/332/2018/ഉ.വി.വ. ഇനം നം: 4053

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - തിരൂർ ടി. എം. ഗവൺമെന്റ് കോളേജിൽ അനുവദിച്ച 5 മലയാളം അധ്യാപക തസ്തികകളിൽ ഒരു അധ്യാപക തസ്തിക മതിയായ ജോലി ഭാരം ഇല്ലാത്തതിനാൽ റദ്ദ് ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

18/6
JS (Main)

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എഫ്2/332/2018/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് |
| 3 | വിഷയം | : | തിരൂർ ടി.എം.ഗവണ്മെന്റ് കോളേജിൽ അനുവദിച്ച 5 മലയാളം അധ്യാപക തസ്തികകളിൽ ഒരു അധ്യാപക തസ്തിക, മതിയായ ജോലി ഭാരം ഇല്ലാത്തതിനാൽ റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24/05/2020 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല<br>ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ഹരികുമാർ.ജി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഉഷ ടൈറ്റസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 05.06.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.06.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി.ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11.06.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.06.2020 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തിരൂർ ടി.എം.ഗവണ്മെന്റ് കോളേജിൽ അനുവദിച്ച 5 മലയാളം അധ്യാപക തസ്തികകളിൽ ഒരു അധ്യാപക തസ്തിക, മതിയായ ജോലി ഭാരം ഇല്ലാത്തതിനാൽ റദ്ദ് ചെയ്യുന്ന വിഷയമാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2. 17.01.2014 തീയതിയിലെ സ.ഉ(എം.എസ്) നം.33/14/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം തിരൂർ ഗവണ്മെന്റ് കോളേജിൽ 5 മലയാളം അദ്ധ്യാപക തസ്തികകൾ അനുവദിച്ച് ഉത്തരവായിരുന്നത് മലയാള വിഭാഗത്തിന് സബ്സിഡിയറി ആയി വരുന്ന സംസ്കൃതത്തിന്റെ വർക്ക് ലോഡ് കൂടി ചേർത്താണ് (വർക്ക് ലോഡ് അനുസരിച്ച് മലയാളത്തിന് 4 തസ്തികകൾ ആണ് അനുവദിക്കേണ്ടിയിരുന്നത്). അതിനാൽ അധികമായി മലയാളത്തിന് അനുവദിച്ച ഒരു അധ്യാപക തസ്തിക ഷിഫ്റ്റ് ചെയ്ത് സിംഗിൾ ഫാക്കൽറ്റി ആയ 12 മണിക്കൂർ വർക്ക് ലോഡുള്ള സംസ്കൃത വിഭാഗത്തിന് അനുവദിക്കാവുന്നതാണെന്നും, ഇത്തരത്തിൽ തസ്തിക ഷിഫ്റ്റ് ചെയ്താൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ലെന്നും, ആയതിനാൽ സംസ്കൃതത്തിന് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*“ മതിയായ ജോലി ഭാരം ഇല്ലാത്തതിനാൽ തിരൂർ സർക്കാർ കോളേജിൽ സംസ്കൃതത്തിന് അദ്ധ്യാപക തസ്തിക അനുവദിക്കാൻ കഴിയുകയില്ലെന്നും ടി കോളേജിൽ അധികമായി സൃഷ്ടിക്കപ്പെട്ട ഒരു മലയാള അദ്ധ്യാപക തസ്തിക റദ്ദ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു .*

*ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരവുമുണ്ട്.“*

4. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട കാര്യം**

17.01.2014 - ലെ സ.ഉ(എം.എസ്)നം.33/14/ഉ.വി പ്രകാരം തിരൂർ ടി.എം.ഗവണ്മെന്റ് കോളേജിൽ അനുവദിച്ച 5 മലയാളം അധ്യാപക തസ്തികകളിൽ ഒരു അധ്യാപക തസ്തിക, മതിയായ ജോലി ഭാരം ഇല്ലാത്തതിനാൽ റദ്ദ് ചെയ്യാവുന്നതാണോ?